"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ദുരന്തനിവാരണ വകുപ്പ് - കാലവർഷക്കെടുതികൾ - എസ്.ഡി.ആർ.എഫ്. - മലപ്പുറം ജില്ല - റോഡുകളുടെ പുനരുദ്ധാരണം - ഭരണാനുമതി ഭേദഗതി ചെയ്ത് - ഉത്തരവ് പുറപ്പെടുവിക്കുന്നു

**ദുരന്തനിവാരണ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.462/2025/DMD തീയതി,തിരുവനന്തപുരം, 04-07-2025

പരാമർശം:-
1. 27.03.2018 തീയതിയിലെ സ. ഉ. (കൈ) നം. 3/2018/ഡി.എം.ഡി.
2. 19.02.2024 തീയതിയിലെ സ. ഉ. (സാധാ) നം. 208/2024/ഡി.എം.ഡി.
3. ശ്രീ. കെ. പി. എ. മജീദ് (തിരൂരങ്ങാടി) എം.എൽ.എ. യുടെ 14.05.2025 തീയതിയിലെ അപേക്ഷ

**ഉത്തരവ്**

എസ്. ഡി. ആർ. എഫ്. മാനദണ്ഡപ്രകാരം കാലവർഷക്കെടുതിയിൽ നാശനഷ്ടം സംഭവിച്ച റോഡുകളുടെ പുനരുദ്ധാരണത്തിലുൾപ്പെടുത്തി പരാമർശം (2) പ്രകാരം ഭരണാനുമതി നൽകിയിരുന്ന മലപ്പുറം ജില്ലയിലെ പരപ്പനങ്ങാടി മുനിസിപ്പാലിറ്റിയിലെ 'പല്ലവി കാളികാവ് മൈതാനം മുറിക്കൽ റോഡ്", 'കക്കാട്ടുതാഴം റോഡ്", 'പള്ളിപ്പുറം റോഡ്" എന്നീ മൂന്ന് റോഡുകൾക്ക് പകരമായി പരപ്പനങ്ങാടി മുനിസിപ്പാലിറ്റിയിലെ തന്നെ കാലവർഷക്കെടുതിയിൽ തകർന്നതും ഗതാഗതയോഗ്യമല്ലാത്തതുമായ ചുവടെ ചേർത്തിട്ടുള്ള നാല് റോഡുകളുടെ പുനരുദ്ധാരണ പ്രവർത്തികൾക്കായി ഓരോ റോഡ് പ്രവൃത്തിക്കും 5,00,000/ - (അഞ്ച് ലക്ഷം രൂപ മാത്രം) രൂപ വീതം മാറ്റി അനുവദിച്ച് പരാമർശം (2) ഭരണാനുമതി ഭേദഗതി ചെയ്ത് ഉത്തരവാകുന്നു.

| ക്രമ നം. | പുനരുദ്ധാരണ പ്രവൃത്തിയുടെ പേര് | പഞ്ചായത്ത്/ നഗരസഭ | അനുവദിക്കുന്ന തുക (ലക്ഷത്തിൽ) |
|---|---|---|---|
| 1. | പൂഴിൻകുന്നത്ത് റോഡ് | പരപ്പനങ്ങാടി | 5 |
| 2. | കരിങ്കല്ലത്താണി തയ്യിലപ്പടി റോഡ് | പരപ്പനങ്ങാടി | 5 |
| 3. | കൊങ്ങശ്ശേരിത്താഴം | പരപ്പനങ്ങാടി | 5 |
| 4. | കോട്ടത്തറ വാളക്കുണ്ട് റോഡ് | പരപ്പനങ്ങാടി | 5 |
| | **ആകെ** | | **20** |

2. പുതിയതായി അനുവദിച്ച പ്രവൃത്തികൾ സംസ്ഥാനദുരന്തപ്രതികരണ നിധിയുടെ മാനദണ്ഡപ്രകാരം അനുവദനീയമാണോ എന്ന് മലപ്പുറം ജില്ലാകളക്ടർ പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതും അനുവദനീയമായ പുനരുദ്ധാരണപ്രവൃത്തികളുടെ നിർവ്വഹണം മാത്രമാണ് നടപ്പാക്കുന്നതെന്ന് ഉറപ്പാക്കേണ്ടതുമാണ്. പരാമർശം (1) ലെ വ്യവസ്ഥകൾ കർശനമായും

പാലിക്കേണ്ടതാണ്. ഭരണാനുമതി കാലാവധിക്കകത്ത് പ്രവൃത്തി പൂർത്തിയാക്കുന്നുണ്ടെന്ന് ജില്ലാകളക്ടർ ഉറപ്പ് വരുത്തേണ്ടതുമാണ്.

3. പരാമർശം (2) മേൽ ഭേദഗതിയോടെ നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പൂജ ലാൽ കെ എ എസ്
അണ്ടർ സെക്രട്ടറി

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരളം, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ, ബ്രാഞ്ച് ഓഫീസ്, കോഴിക്കോട്
ലാൻഡ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം
കമ്മീഷണർ, ഡിസാസ്റ്റർ മാനേജ്മെന്റ്, തിരുവനന്തപുരം
ജില്ലാ കളക്ടർ, മലപ്പുറം
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് പകർപ്പ് (ഫയൽ നം. DMB1/58/2025/DMD)

ഉത്തരവിൻ പ്രകാരം

Signed by
Kumari Rekha S R
സെക്ഷൻ ഓഫീസർ
Date: 04-07-2025 16:47:02

പകർപ്പ്: ബഹു. റവന്യൂ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
ദുരന്തനിവാരണവകുപ്പ് സെക്രട്ടറിയുടെ പി. എ. യ്ക്ക്.